**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2722** **28-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 വർഷം എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കുമോ; ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികൾക്കാണ് മുൻ വർഷം മുൻഗണന നൽകിയതെന്നും വ്യക്തമാക്കുമോ; | (എ) | 2022-23 വർഷം എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരം **അനുബന്ധം I** ആയി ചേർക്കുന്നു. കുടിവെള്ള പദ്ധതി, റോഡ് നിർമ്മാണം, ഭവന സുരക്ഷ എന്നീ പ്രവൃത്തികൾക്കാണ് മുൻവർഷം മുൻഗണന നൽകിയിരുന്നത്. |
| (ബി) | 2022-23 കാലയളവിൽ നിലമ്പൂർ ബ്ലോക്കിൽ നിന്നും ഏതെല്ലാം പദ്ധതികളാണ് എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താനായി അപേക്ഷിച്ചിരുന്നതെന്നും ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്നും അറിയിക്കുമോ; അപേക്ഷിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികളുടെ പേരു വിവരങ്ങൾ തദ്ദേശ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) | 2022-23 വർഷം കാലയളവിൽ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലമ്പൂർ ബ്ലോക്കിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ മണലി കളക്കുന്ന് പട്ടികജാതി കോളനി കുടിവെള്ളപദ്ധതി, നിലമ്പൂർ നഗരസഭയിലെ അരുവാക്കോട് പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം എന്നീ രണ്ട് പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കാലയളവിൽ സ്ഥലം എം.എൽ.എ. യുടെ ശിപാർശയോടു കൂടി നിലമ്പൂർ ബ്ലോക്കിലെ പൂങ്കത്തറ ഗ്രാമപഞ്ചായത്തിലെ കളക്കുന്ന് എസ്.സി. കോളനിയിലെ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ചിരുന്നോയെന്ന് അറിയിക്കുമോ; പ്രസ്തുത പദ്ധതി മലപ്പുറം ജില്ലാ വർക്കിംഗ് ഗ്രൂപ്പിലേക്ക് പരിഗണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | നിലമ്പൂർ ബ്ലോക്കിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ മണലി കുളക്കുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്. അത് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും സംയുക്ത പരിശോധനക്ക് ശേഷം റിപ്പോർട്ട് സഹിതം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാ സമിതി യോഗത്തിൽ പരിഗണനക്കായി സമർപ്പിക്കുന്നതാണ്. |
| (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിൽ 2016 മുതൽ നാളിതുവരെ എസ്.സി. കോർപ്പസ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ സ്ഥലം എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിൽ 2016 മുതൽ നാളിതുവരെ എസ്.സി. കോർപ്പസ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു. ഇതിൽ സ്ഥലം |

| | | | |
|---|---|---|---|
| | | | എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല. |

സെക്ഷൻ ഓഫീസർ

SCDD/1049/2023-P2 (PL)

അനുബന്ധം - I

(എ)

| ക്ര. നം | പദ്ധതിയുടെ പേര് | ബ്ലോക്ക്/പഞ്ചായത്ത്/ നഗരസഭ | ഭരണാനുമതി തുക |
|---|---|---|---|
| 1 | കൊഴക്കോടൻ ചാൽ പട്ടികജാതി കോളനി ഭവന സുരക്ഷ | അരീക്കോട്/ ഊർങ്ങാട്ടിരി | 493000 |
| 2 | പോത്തൻകോട്ട് കുന്ന് പട്ടികജാതി കോളനി ഭവന സുരക്ഷ | അരീക്കോട്/ പുൽപ്പറ്റ | 2364000 |
| 3 | ചെവിടിക്കുഴി പട്ടികജാതി കോളനി ഭവന സുരക്ഷയും റോഡ് കോൺക്രീറ്റും | അരീക്കോട്/ എടവണ്ണ | 2399000 |
| 4 | ഊഞ്ഞുംകുഴി പട്ടികജാതി കോളനി റോഡ് നിർമ്മാണം | കൊണ്ടോട്ടി നഗരസഭ | 900000 |
| 5 | മുണ്ടപ്പലം ആല്യങ്ങൽകണ്ടി പട്ടികജാതി കോളനി റോഡ് നിർമ്മാണം | കൊണ്ടോട്ടി നഗരസഭ | 2150000 |
| 6 | വെട്ടുകാട് പട്ടികജാതി കോളനി റോഡ് നിർമ്മാണം | കൊണ്ടോട്ടി / വാഴക്കാട് | 1480000 |
| 7 | മാനീരിപ്പറമ്പ് പട്ടികജാതി കോളനി ഭവന സുരക്ഷയും റോഡ് കോൺക്രീറ്റും | വണ്ടൂർ/ പാണ്ടിക്കാട് | 2101000 |
| 8 | ചക്കരക്കാട്ടുകുന്ന് പുലത്ത് പട്ടികജാതി കോളനി റോഡ് നിർമ്മാണം | വണ്ടൂർ/ തിരുവാലി | 900000 |
| 9 | ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി റോഡുനിർമ്മാണവും വീടുകളുടെ അതിര് കെട്ടലും | പെരിന്തൽമണ്ണ/ വെട്ടത്തൂർ | 2224810 |

അനുബന്ധം - II

(ഡി)

| ക്ര നം | പദ്ധതിയുടെ പേര് | ബ്ലോക്ക്/ പഞ്ചായത്ത് /നഗരസഭ | അടങ്കൽ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ആനപ്പാറ പട്ടികജാതി കോളനി നടപ്പാത നിർമ്മാണം | നിലമ്പൂർ/ ചാലിയാർ | 498000 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മതിൽമൂല പട്ടികജാതി കോളനി ശ്മശാനം റോഡ് കോൺക്രീറ്റിംഗ് നിർമ്മാണം | നിലമ്പൂർ/ ചാലിയാർ | 498000 | പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും 2018 ലെ പ്രളയത്തിൽ തകർന്നു. |